KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.207/PR/PIC/PHQ/18 Date : 16.08.2018

**രക്ഷാപ്രവർത്തനം ഊർജ്ജിതം, കൂടുതൽ പോലീസുദ്യോഗസ്ഥരെ നിയോഗിച്ചു.**

സംസ്ഥാനത്തെ പ്രളയദുരന്തം നേരിടുന്നതിന് രക്ഷാപ്രവർത്തനം ഊർജ്ജിതമായി മുന്നേറുന്നു. വിവിധ വകുപ്പുകൾക്കൊപ്പം പോലീസും പൂർണ്ണമായും രക്ഷാദൗത്യവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിലാണ്. ഉന്നത സ് ഉദ്യോഗസ്ഥർ മുതൽ താഴെവരെയുള്ള 35000 ത്തിലേറെ പോലീസ് ഉദ്യോഗസ്ഥരെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിന്യസിച്ചിട്ടുണ്ട്. വനിതാ കമാൻഡോകൾ, വിവിധ സായുധസേനാ ബറ്റാലിയനുകൾ, ആർ. ആർ. ആർ. എഫ് തുടങ്ങി എല്ലാ വിഭാഗങ്ങളേയും മൊബിലൈസ് ചെയ്തു. പോലീസ് ട്രെയിനിങ് കോളേജ്, കേരള പോലീസ് അക്കാദമി എന്നിവിടങ്ങളിൽനിന്നും ട്രെയിനികളും വിവിധ പ്രവർത്തനങ്ങളെ സഹായിക്കും.

കോസ്റ്റൽ പോലീസിന്റെ 258 ബോട്ടുകൾ വിവിധ സ്റ്റേഷനുകളിൽ നിന്ന് മൊബിലൈസ് ചെയ്തിട്ടുണ്ട്. ഇവ സംസ്ഥാനത്തെ വിവിധ ദുരിതാശ്വാസമേഖലകളിൽ രക്ഷാപ്രവർത്തനത്തിലാണ്. ഇതിനു പുറമേ സ്വകാര്യ ബോട്ടുകളും ഉപയോഗപ്പെടുത്തി വരുന്നു. സംസ്ഥാനത്താകെയുള്ള ദുരിതാശ്വാസ ക്യാമ്പുകൾക്കായുള്ള സംരക്ഷണത്തിനും പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. മൊബൈൽ ബന്ധം തകരാറിലായ സ്ഥലങ്ങളിൽ ആവശ്യമുള്ള ബോട്ടുകൾക്കൊപ്പം വയർലെസ് സെറ്റും അതു കൈകാര്യം ചെയ്യേണ്ട ഉദ്യോഗസ്ഥരേയും നിയോഗിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അറിയിച്ചു.

തിരുവനന്തപുരത്ത് നിന്നും ദുരിതാശ്വാസ ക്യാമ്പുകൾക്കായി ശേഖരിച്ച അഞ്ച് ലോഡ് സാധന സാമഗ്രികൾ വയനാട്, ഇടുക്കി, ആലുവ, പത്തനംതിട്ട, തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ ക്യാമ്പുകളിലേക്ക് അയച്ചു. ഇതിനു പുറമെ വിവിധ ജില്ലകളിൽനിന്നും സാധന സാമഗ്രികൾ ശേഖരിച്ച് എത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്കും തുണിത്തരങ്ങൾ, പെട്ടെന്ന് കേടാകാത്ത ഭക്ഷ്യവസ്തുക്കൾ തുടങ്ങി വിവിധ സാധന സാമഗ്രികൾ പോലീസിനെ ഏല്പിക്കാമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. പോലീസ് സ്റ്റേഷനുകളിലോ ജില്ലാ പോലീസ് ആസ്ഥാനത്തോ ഇവ പായ്ക്ക് ചെയ്തു ഇവ എത്തിക്കണം.

എല്ലാ ജില്ലകളിലും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. പത്തനംതിട്ടയിലും തൃശ്ശൂരിലും (ചാലക്കുടി) എറണാകുളത്തും (ആലുവ) രക്ഷാപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പോലീസ് നടപടികൾ ഏകോപിപ്പിക്കുന്നതിന് ചുമതലയുള്ള താഴെപ്പറയുന്ന പോലീസ് ഉദ്യോഗസ്ഥരെ കൺട്രോൾ റൂമുകളിൽ ബന്ധപ്പെടാൻ കഴിയാത്ത

വർക്ക് അടിയന്തര സഹായത്തിന് ബന്ധപ്പെടാവുന്നതാണ്.

| | |
|---|---|
| ഡിഐജി, എ പി ബറ്റാലിയൻ – | 9497998999 |
| കമാൻഡന്റ് കെ.എ.പി. 3 | 9497996967 |
| ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട | 9497996983 |
| ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ റൂറൽ | 9497996978 |
| ഡിവൈ.എസ്.പി. സ്പെഷ്യൽ ബ്രാഞ്ച് | 9497990083 |
| ഡിവൈ.എസ്.പി. ക്രൈം ഡിറ്റാച്ച്മെന്റ് | 9497981247 |

| | |
|---|---|
| ജില്ലാ പോലീസ് മേധാവിഎറണാകുളം റൂറൽ (ആലുവ) | 9497996979 |
| ഡിവൈ.എസ്.പി. സ്പെഷ്യൽ ബ്രാഞ്ച് | 9497990073 |

************